**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1036** **28-4-2017 ൽ മറുപടിക്ക്**

## ലോ അക്കാദമിക്ക് നൽകിയ സ്ഥലം തിരിച്ചെടുക്കാൻ നടപടി

| **ചോദ്യം** | | **മറുപടി** |
|---|---|---|
| ശ്രീ.എൻ.ഷംസുദ്ദീൻ | | ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| **(എ)** തിരുവനന്തപുരം ലോ അക്കാദമി ലോ കോളേജിന് വ്യവസ്ഥ കളോടെ പതിച്ച നൽകിയ സ്ഥലത്തിന്റെ അളവ് എത്ര ; പതിച്ച നൽകിയപ്പോൾ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്; | (എ) | തിരുവനന്തപുരം ലോ അക്കാദമി ലോ കോളേജിന് 11.29 ഏക്കർ ഭൂമിയാണ് വ്യവസ്ഥകളോടെ പതിച്ച നൽകിയിരുന്നത്. ഏത് ആവശ്യത്തിനാണോ ഭൂമി പതിച്ച നൽകിയത് പ്രസ്തുത ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ എന്നും സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ഭൂമി അന്യാധീനപ്പെടുത്തുവാൻ പാടില്ല എന്നും ഈ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടാൽ പ്രസ്തുത ഭൂമി യാതൊരു നഷ്ടപരിഹാരവും കൂടാതെ സർക്കാർ തിരിച്ചെടുക്കുന്നതാണ് എന്നുമുള്ള വ്യവസ്ഥകളാണ് ഭൂമി പതിച്ച നൽകിയിരുന്നപ്പോൾ നിഷ്കർഷിച്ചിട്ടുണ്ടായിരുന്നത്. |
| **(ബി)** പാട്ട വ്യവസ്ഥയിലോ മറ്റേതെങ്കിലും നിയമ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലോ നിലവിലെ കടപ്പനക്കുന്ന് വില്ലേജിനു പുറത്ത് ഏതെങ്കിലും സർക്കാർ ഭൂമി ലോ അക്കാദമി ലോ കോളേജുമായി ബന്ധമുണ്ടായിരുന്നതോ ഉള്ളതോ ആയ ആരുടെയെങ്കിലും പേരിൽ നൽകിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദ വിവരം നൽകാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (സി) ഭൂമി നൽകുമ്പോൾ നിശ്ചയിച്ചിരുന്ന വ്യവസ്ഥകളിൽ ഏതിന്റെയെങ്കിലും ലംഘനം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (സി) | പതിച്ച കൊടുത്ത ഭൂമിയിൽ കുറച്ച് ഭാഗം മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിച്ചതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (ഡി) എങ്കിൽ വ്യവസ്ഥാ ലംഘനം കണക്കിലെടുത്ത് നിയമാനുസൃതം നോട്ടീസ് നൽകി ഭൂമി തിരിച്ചെടുക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | പരിശോധിച്ച വരുന്നു. |

**സെക്ഷൻ ഓഫീസർ**